LIBRARY ARCHIVES Kerala Legislative Assembly

എസ്.എസ്.എൽ.സി. പരീക്ഷയിൽ റാങ്ക് നേടിയവർ

111 [729] ശ്രീ. എ. സുജനപാൽ:
,, വർക്കല കഹാർ:
,, എം. മുരളി:
,, കെ. അച്ചുതൻ:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ 15 വരെയുള്ള റാങ്കുകൾ നേടിയത് എത്ര പേരാണ്;

(ബി) ഇവരിൽ എത്ര പേർ വീതം ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും അംഗീകൃത സ്കൂളുകളിലും പഠിച്ചവരാണ്;

(സി) എത്ര പേർ അദ്ധ്യാപകരുടെ മക്കളാണ്; അദ്ധ്യാപകരുടെ മക്കളായ കുട്ടികളിൽ ഗവൺമെന്റ് സ്കൂളിൽ പഠിച്ചവർ എത്ര പേരുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 237 വിദ്യാർത്ഥികൾ.

(ബി) ഇവരിൽ 14 പേർ ഗവൺമെന്റ് സ്കൂളുകളിലും 92 പേർ എയ്ഡഡ് സ്കൂളുകളിലും 131 പേർ അൺഎയ്ഡഡ് സ്കൂളുകളിലും പഠിച്ചവരാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം

112 [730] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടപ്പെട്ട എസ്.എസ്.എൽ.സി. ബുക്കുകൾക്കു പകരം ഡ്യൂപ്ലിക്കേറ്റ് ബുക്ക് ലഭിക്കുന്നതിനുള്ള അപേക്ഷകൾ പരീക്ഷാഭവനിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു വർഷത്തിലധികം പഴക്കമുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ഉദ്യോഗസ്ഥരുടെ പ്രത്യേക സംഘത്തെ നിയോഗിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഡ്യൂപ്ലിക്കേറ്റ് ബുക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഓരോ അപേക്ഷയിൻമേലും ആവർത്തനസ്വഭാവമുള്ള ഒട്ടേറെ നടപടി ക്രമങ്ങൾ പൂർത്തിയാക്കേണ്ടതുള്ളതിനാൽ ബുക്ക് വിതരണത്തിൽ കാലതാമസം ഉണ്ടാകാറുണ്ട്.

(ബി)

തിരുവനന്തപുരം	..	864
കൊല്ലം	..	664
ആലപ്പുഴ	..	325
എറണാകുളം	..	331
തൃശ്ശൂർ	..	370
മലപ്പുറം	..	760
കോഴിക്കോട്	..	450
കണ്ണൂർ	..	480
കാസർഗോഡ്	..	176
വയനാട്	..	80
ഇടുക്കി	..	125
പത്തനംതിട്ട	..	285
കോട്ടയം	..	335
പാലക്കാട്	..	206

(സി) അപേക്ഷകൾ കഴിവതും വേഗം തീർപ്പാക്കാൻ നടപടി സ്വീകരിക്കാറുണ്ട്.

(ഡി) ഇപ്പോൾ ഒരു ജില്ലയ്ക്ക് ഒരു ജീവനക്കാരനെ വീതം നിയോഗിച്ചിട്ടുണ്ട്. അപേക്ഷകളുടെ എണ്ണം വളരെയധികമാകുമ്പോൾ പരീക്ഷാഭവനിലെ ഒരു സംഘം ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി അദാലത്തുകളിലൂടെ അവ തീർപ്പാക്കാൻ ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly